# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5458** **01.07.2019 ൽ മറുപടിയ്ക്ക്**

## പുരപ്പുറ സൗരവൈദ്യുത പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. സി. കൃഷ്ണൻ** | | **ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | പുരപ്പുറ വൈദ്യുതി പദ്ധതിയുടെ പുരോഗതി വിശദീകരിക്കാമോ; | (എ) | ഊർജ്ജ കേരള മിഷനിൽപ്പെട്ട സൗര പദ്ധതിയിൽ ഉൾപ്പെട്ട ഉപഭോക്താക്കളുടെ വീട്ടുകളുടെ മേൽക്കൂരയിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്ന പദ്ധതിയിൽ 2,78,258 ഉപഭോക്താക്കളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. രജിസ്റ്റർ ചെയ്ത ഉപഭോക്താക്കളുടെ സ്ഥലം സന്ദർശിച്ച് സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിന്റെ സാങ്കേതിക സാദ്ധ്യത പരിശോധിക്കുന്ന സർവ്വേ 97 ശതമാനത്തിലേറെ പൂർത്തിയായിട്ടുണ്ട്. |
| (ബി) | നിലവിൽ എത്ര പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; | (ബി) | നിലവിൽ 2,78,258 പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (സി) | പ്രാഥമിക പരിശോധനയിൽ എത്ര പേരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ പറ്റാവുന്നതായി കണ്ടെത്തിയത്; | (സി) | പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ താൽപര്യം പ്രകടിപ്പിച്ച് രജിസ്റ്റർ ചെയ്ത ഉപഭോക്താക്കളുടെ പുരപ്പുറം സന്ദർശിച്ച് സൗരോർജ്ജ പാനലുകൾ സ്ഥാപിക്കാൻ സാദ്ധ്യമാണോ എന്ന സാങ്കേതിക പഠനത്തിന്റെ വിവരങ്ങൾ ശേഖരിക്കുന്ന സർവ്വേ നടപടികളാണ് ഇപ്പോൾ നടന്നു വരുന്നത്. അതു പൂർത്തിയായതിനു ശേഷം എത്ര പേരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സാധിക്കുക എന്ന് കൃത്യമായി കണക്കാക്കാൻ പറ്റുകയുള്ളൂ. |
| (ഡി) | കെ. എസ് .ഇ. ബി. നേരിട്ടാണോ തന്നെയാണോ എല്ലായിടത്തും ചെയ്യുന്നത്; | (ഡി) & (ഇ) | സുതാര്യമായ ടെൻഡർ നടപടി ക്രമങ്ങളിലൂടെ കെ.എസ്.ഇ.ബി നേരിട്ട് കരാർ നൽകിയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.<br>ഊർജ്ജ വകുപ്പിന്റെ കീഴിലുള്ള കെ.എസ്.ഇ.ബി.എൽ, അനെർട്ട്, ഇ.എം.സി, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് തുടങ്ങിയ സ്ഥാപനങ്ങൾ സംയുക്തമായാണ് ഊർജ്ജ കേരള മിഷനിൽപെട്ട വിവിധ പദ്ധതികൾ നടപ്പിലാക്കുന്നത്. |
| (ഇ) | അനർട്ട് മുഖാന്തരമാണോ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് എന്നറിയിക്കാമോ ? | | |

സെക്ഷൻ ഓഫീസർ